## 639

1 ജീവനുള്ള ദേവനേ വരൂ ജീവവാക്യം ഓതുവാൻ വരൂ
പാപത്തെ വെറുത്തു ജീവിപ്പാൻ പാപബോധം ഞങ്ങളിൽ തരൂ

യേശുവേ നീ വലിയവൻ യേശുവേ നീ പരിശുദ്ധൻ
യേശുവേ നീ നല്ലവൻ യേശുവേ നീ വല്ലഭൻ

2 മാനസം കനിഞ്ഞിടുവാനായ് ഗാനമാല്യം ഏകിടുവാനായ്
ആവസിക്ക എന്റെ ദേഹിയിൽ നീ വസിക്ക എന്റെ ജീവനിൽ

3 വാഗ്ദത്തങ്ങൾ ചെയ്ത കർത്തനേ വാക്കുമാറാതുണ്മയുള്ളോനേ
വാഗ്ദത്തങ്ങൾക്കായി വരുന്നു വല്ലഭാത്മമാരി നൽകണേ-

4 ന്യായവിധി നാൾ വരുന്നിതാ പ്രിയൻ വരാൻ കാലമായല്ലോ
ലോകത്തിൽ നശിച്ചുപോകുന്ന ലോകരെ നീ രക്ഷിച്ചിടണേ-